**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3156 23/03/2015-ൽ മറുപടിയ്ക്ക്

## വീട്ടുവളപ്പിലെ വിളയിതര പച്ചക്കറി കൃഷി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) കേരളത്തിലെ വീട്ടുവളപ്പുകൾ വിളയിതര പച്ചക്കറികളുടെ കലവറയാണെന്ന ഒരു ശാസ്ത്രീയ പഠന റിപ്പോർട്ട് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | എ) ഇല്ല |
| ബി) പച്ചക്കറികളിലുള്ളതിനേക്കാൾ കൂടുതൽ മാംസ്യം, കൊഴുപ്പ്, നാരുകൾ, ധാതുക്കൾ എന്നിവ അടങ്ങിയതും, തനിയെ വളരുന്നതുമായ നാടൻ പച്ചക്കറികളെ സംബന്ധിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനും, പ്രചാരണം നൽകുന്നതിനും സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | ബി) വീട്ടു വളപ്പിൽ നാടൻ പച്ചക്കറി ഉൾപ്പെടെയുള്ള പച്ചക്കറികളുടെ കൃഷിയും അതു വഴി വിഷവിമുക്തമായ പച്ചക്കറികളുടെ ഉപയോഗവും വർദ്ധിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെ വിവിധ തലങ്ങളിൽ നടത്തുന്ന പരിശീലന പരിപാടികളിൽ നാടൻ പച്ചക്കറികളുടെ ഗുണമേന്മയെപ്പറ്റിയും അവയുടെ കൃഷി കൂടുതലായി വിപുലപ്പെടുത്തേണ്ടതു സംബന്ധിച്ചും കർഷകർക്കും അവബോധം നല്കി വരുന്നുണ്ട്.<br>കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പച്ചക്കറികളിലെ നാടൻ ഇനങ്ങൾ കണ്ടെത്തുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി 2012-13 |

സാമ്പത്തിക വർഷം 25 പ്രദർശനത്തോട്ടങ്ങൾ ഒരുക്കിയിരുന്നു . 2013–14 സാമ്പത്തിക വർഷം സംസ്ഥാനത്തെ 14 ജില്ലകളിലും മേന്മയേറിയ നാടൻ ഇനങ്ങളുടെ 20 പ്രദർശനത്തോട്ടങ്ങൾ ഒരുക്കുകയും മികച്ച ഇനങ്ങൾ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

നിത്യവഴുതിന, പട്ടുചീര, നാടൻ പയർ എന്നീ പച്ചക്കറി ഇനങ്ങളുടെ വിത്തുകൾ ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ